**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 762** | **06-12-2022 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലുമുള്ള താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ/ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പിൽ താൽക്കാലിക നിയമനങ്ങൾ/ കരാർ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. ഊർജ്ജ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ/ കരാർ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ പ്രസ്തുത കാലയളവിൽ 10 താൽക്കാലിക നിയമനങ്ങളാണ് (ക്ലാർക്ക് - 3, സ്കിൽഡ് അസിസ്റ്റന്റ് - 7) നടത്തിയിട്ടുള്ളത്.<br><br>അനെർട്ടിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവർ (ആകെ 7 പേർ)<br>1. കമ്പ്യൂട്ടർ അസിസ്റ്റന്റ് - 3 പേർ<br><br>2. പ്രോജക്ട് എഞ്ചിനീയർ - 4 പേർ<br><br>സെന്റർ ഫോർ മാനേജ്മെന്റ് & ഡെവലപ്മെന്റ് (സി.എം.ഡി) മുഖേന നിയമിതരായവർ (ആകെ - 34 പേർ)<br><br>1. പ്രോജക്ട് എഞ്ചിനീയർ - 3<br><br>2. അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ - 9<br><br>3. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ - 2<br><br>4. പ്രോജക്ട് അസിസ്റ്റന്റ് (ഐ.ടി.) - 2<br><br>5. ടെക്നിക്കൽ അസിസ്റ്റന്റ് - 18<br><br>കൂടാതെ 04/07/2022 ന് 4 പേർക്ക് 89 ദിവസത്തേയ്ക്ക് Technical Support (IEC), Technical Support - Testing & Calibration, Accounts Executive, Technical Support (IT) തസ്തികകളിൽ നിയമനം നൽകിയിരുന്നു. 30/09/2022 - ൽ ജീവനക്കാരുടെ 89 |

| | | | |
|---|---|---|---|
| | | | ദിവസത്തെ നിയമന കാലാവധി അവസാനിച്ചതിനെ തുടർന്ന് Technical Support (IEC) തസ്തികയിൽ ജോലി ചെയ്യുന്നയാൾക്ക് മാത്രം വീണ്ടും 89 ദിവസത്തേയ്ക്ക് തുടർന്ന് നിയമനം നൽകുകയുണ്ടായി.<br><br>എനർജി മാനേജ്മെന്റ് സെന്ററിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഒരാൾക്ക് 01/11/2022 - ൽ നിയമനം നടത്തിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഒരു സിവിൽ കോടതിയുടെ അധികാരമുള്ള അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ്. ഇത് സർക്കാർ/അർദ്ധ സർക്കാർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലും കേരള സ്റ്റേറ്റ് പവ്വർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിലും താൽക്കാലിക/കരാർ നിയമനങ്ങൾ നടന്നിട്ടില്ല. |
| (ബി) | ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 2022 ഒക്ടോബർ മാസം ചെലവായ ആകെ തുക 11,16,795/- രൂപ (പതിനൊന്നു ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ) [അനെർട്ട് - 9,33,300/- + ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - 1,83,495/- ]യാണ്. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ടിങ്ങിനായി അവലംബിച്ച മാർഗ്ഗം എന്താണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ? | (സി) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ 10 താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്.<br><br>അനെർട്ടിൽ 7 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും മറ്റുള്ളവ സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡവലപ്മെന്റ് എന്ന ഏജൻസി മുഖേനയുമാണ് നടത്തിയിട്ടുള്ളത്. ഇതിനായി പത്ര പരസ്യം നൽകിയിരുന്നു. യോഗ്യരായ അപേക്ഷകരിൽ നിന്ന് ഇന്റർവ്യൂ നടത്തി അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തിയത്.<br><br>എനർജി മാനേജ്മെന്റ് സെന്ററിലെ ഒരു ഉദ്യോഗസ്ഥ വാഹന അപകടത്തിൽ മരണപ്പെട്ട സാഹചര്യത്തിൽ പരേതയുടെ മകനാണ് ദിവസ വേതന അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയത്. |

സെക്ഷൻ ഓഫീസർ